# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 2405

19/03/2015-ൽ മറുപടിക്ക്

## കരങ്ങ് പനി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സി.കെ.നാണു<br>ശ്രീമതി.ജമീല പ്രകാശം<br>ശ്രീ.ജോസ് തെറ്റയിൽ<br>ശ്രീ. മാത്യു റ്റി. തോമസ് | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| എ) വയനാട് ജില്ലയിൽ കരങ്ങ് പനി ബാധിച്ച് ആളുകൾ മരണപ്പെട്ട സ്ഥലങ്ങളും ആശുപത്രികളും ആരോഗ്യവകുപ്പ് മന്ത്രി സന്ദർശിച്ചിരുന്നോ; | എ) 16/02/2015- ന് പ്രസ്തുത സ്ഥലങ്ങൾ ആരോഗ്യ വകുപ്പ് മന്ത്രി സന്ദർശിച്ചു. |
| ബി) എങ്കിൽ പ്രസ്തുത സന്ദർശന വേളയിൽ കൈക്കൊണ്ട തീരുമാനങ്ങൾ എന്തെല്ലാം വ്യക്തമാക്കാമോ; | ബി) പ്രധാന തീരുമാനങ്ങൾ ചുവടെ ചേർക്കുന്നു.<br>1.കരങ്ങുപനി പ്രതിരോധ പരിപാടിക്കായി 25 ലക്ഷം രൂപ ജില്ലാ ആരോഗ്യ വകുപ്പിന് അനുവദിക്കും.<br>2. താലൂക്ക് ആശുപത്രി ബത്തേരി, പി.എച്ച്.സി. പുൽപ്പള്ളി, പൂതാടി, ജില്ലാ ആശുപത്രി മാനന്തവാടി, തുടങ്ങിയ ആശുപത്രികളിൽ അധികമായി ആവശ്യം വരുന്ന ജീവനക്കാരെ താൽക്കാലികമായി നിയമിക്കും.<br>3. റഫറൽ ആവശ്യമായ ഘട്ടങ്ങളിൽ വിംസ് മെഡിക്കൽ കോളേജിന്റെ സേവനം സ്വീകരിക്കുന്നതാണ്.<br>4. രോഗബാധ സാദ്ധ്യത കൂടുതലായവർക്ക് പ്രതിരോധ വാക്സിൻ നൽകാൻ നടപടി സ്വീകരിക്കുന്നതാണ്.<br>5. ചികിൽസാ രീതികളിൽ മാറ്റം |

ആവശ്യമാണെങ്കിൽ 19/02/2015-ന് സംയുക്ത യോഗത്തിൽ ചർച്ച ചെയ്തു തീരുമാനിക്കും. വനം, പട്ടികവർഗ്ഗ വകുപ്പ്, മൃഗ സംരക്ഷണ വകുപ്പ് എന്നിവരുമായി സംയുക്ത പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തും.

| | | |
|---|---|---|
| സി) അതനുസരിച്ച് തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ;<br>ഡി) ഇല്ലെങ്കിൽ തുടർ നടപടികൾ സ്വീകരിക്കാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ? | സി) & ഡി) | തീരുമാനങ്ങൾ നടപ്പിലാക്കി വരുന്നു.<br>25 ലക്ഷം രൂപ അനുവദിച്ചത് മുൻ നിർദ്ദേശാനുസരണം ചെലവഴിച്ചു വരുന്നു. വാക്സിൻ വാങ്ങാൻ തുക നീക്കിവെച്ചതിനനുസരിച്ച് വാക്സിൻ ആദ്യ ഗഡു കർണാടകയിലെ ഷിമോഗ ലാബിൽ നിന്ന് ശേഖരിച്ചു 12/03/2015-ൽ ഏതാനും പേർക്ക് നൽകി. ബാക്കിയുള്ളവർക്ക് ഘട്ടം ഘട്ടമായി നൽകാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ആശുപത്രികളിൽ അധികമായി ആവശ്യമായ ജീവനക്കാരെ നിയമിച്ചു ഇവരുടെ ശമ്പളം ഈ തുക ഉപയോഗിച്ചു നൽകുന്നതാണ്.<br>രോഗികൾക്കും കുട്ടിരിപ്പുകാർക്കും സാമ്പത്തിക സഹായം നൽകുന്നതാണ്.<br>വിംസ് ആശുപത്രിയിൽ ഇതേവരെ 11 കുരങ്ങുപനി ബാധിതരെ ചികിൽസിച്ചു ഭേദമാക്കാൻ സാധിച്ചു. |

സെക്ഷൻ ഓഫീസർ